بسم الله الرحمن الرحيم

# EVIDENCES IN SUPPORT OF THE CLAIMS OF HAZRAT KHALIFATHULLAH MUNIR AHMAD AZIM (ATBA)

## ഹസ്രത് മുനീർ അഹ്മദ് അസീം (atba) ന്റെ സത്യസാക്ഷ്യം

## ഹദീസ് ശെരീഫ് (പ്രവാചക വചന) സാക്ഷ്യങ്ങൾ

### ഹദീസ് സാക്ഷ്യം 1

كَيْفَ تَهْلِكُ أُمَّةٌ أَنَا فِي أَوَّلِهَا وَالْمَسِيحُ
ابْنُ مَرْيَمَ فِي آخِرِهَا

1. ഞാൻ ആദ്യത്തിലും മസീഹ് ഇബ്നു മർയം അവസാനത്തിലുമുള്ള സമുദായം എങ്ങനെ നശിക്കും? (ഇബ്നുമാജ).

മുകളിൽ പറഞ്ഞിരിക്കുന്ന ഹദീസിൽ പറഞ്ഞിരിക്കുന്നത് ഇബ്നു മർയം അന്ത്യത്തിൽ വരുമെന്നാണ്. അന്ത്യത്തിൽ വന്ന ഈസ ഇബ്നു മർയം-വാഗ്ദത്ത മസീഹ്-ഹസ്രത് മിർസാഗുലാം അഹ്മദ് (അ) പറഞ്ഞത് എനിക്ക് ശേഷം 10000-ത്തിൽപരം മസീഹ്മാർ വരുന്നതാണ് എന്നാണ്. അതുകൊണ്ട് ഇനി ഓരോ നൂറ്റാണ്ടിലും വരുന്ന ഓരോ മസീഹിന്റെയും, ഹദീസ്പരമായ സാക്ഷിപത്രമാണിത്. (ഇസാലായെ ഔഹാം പേജ് 197) പ്രസ്തുത ഹദീസിൽ പറയപ്പെട്ട വാഗ്ദത്തമസീഹിനെ തുടർന്നു വരുന്ന 10000-ത്തിൽപരം മസീഹ്മാരിൽ പ്രഥമനാണ് അദ്ദേഹം. അദ്ദേഹത്തിന് അല്ലാഹു(ത) വാഗ്ദത്ത മസീഹ് എന്ന പദവി ഉൾപ്പടെ പത്ത് ആത്മീയ പദവികൾ നല്കിയിരിക്കുന്നു. പ്രസ്തുത പദവികൾ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നതു കാണുക.

## ഹസ്രത് മുനീർ അഹ്മദ് അസീം (അ)ന് ലഭിച്ച ആത്മീയ പദവികൾ




| | |
|---|---|
| **1. അമീറുൽ മുഅ്മിനീൻ** | **19 ജനുവരി 2003** |
| **2. ഹസ്റത്ത്** | **25 ജൂലൈ 2003** |
| **3. മുഹ്യിദ്ദീൻ** | **06-07 ഡിസംബർ 2003** |
| **4. മുസ്‌ലിഹ് മൗഊദ്** | **20 ഫെബ്രുവരി 2004** |
| **5. ഖലീഫത്തുല്ലാഹ്** | **26,27 മെയ് 2008** |
| **6. ഇമാമെ ഇൻകിലാബ്** | **26,27 മെയ് 2008** |
| **7, മസീഹ് മൗഊദ്** | **10 സെപ്തംബർ 2010** |
| **8. മുജദ്ദിദ്** | **10 സെപ്തംബർ 2010** |
| **9. റസൂലുല്ലാഹ്** | **ഒക്ടോബർ 2010** |
| **10. നബിയുല്ലാഹ്** | **ഒക്ടോബർ 2010** |

നബി(സ) ആദ്യത്തിലും ഈസബ്നു മറിയം (വാഗ്ദത്തമസീഹ്) അന്ത്യത്തിലും ഉള്ള ഒരു സമുദായം എങ്ങനെ നശിക്കുവാനാണ്? അപ്പോൾ നാം മനസ്സിലാക്കേണ്ടത് മുഹമ്മദ് നബി (സ)യുടെ ഈ പറഞ്ഞ വചനം ഖിയാമത്ത് നാൾവരെ നിലനില്ക്കുന്നതാണ്, എന്നാണ് നാം മനസ്സിലാക്കേണ്ടത്. കാരണം മുഹമ്മദ് നബി(സ) പറഞ്ഞ ഓരോ വചനവും ഖിയാമത്ത് നാൾവരെ നിലനില്ക്കുന്നതാണ്. അതിന് മാറ്റം സംഭവിക്കുന്നതല്ല. അതുകൊണ്ടു തന്നെ ഖിയാമത്ത് നാൾ സംഭവിക്കുന്നതുവരെ ഒരു മസീഹ് അന്ത്യത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പ്രസ്തുത ഹദീസ് എല്ലാ കാലത്തും നിലനിൽക്കുന്നതാകുകയുള്ളു. വാഗ്ദത്തമസീഹ് ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) പറഞ്ഞതനുസരിച്ചുള്ള ഖിയാമത്ത് നാൾവരെ നിലനില്ക്കുന്ന മസീഹുമാരിൽ പ്രഥമനാണ് അദ്ദേഹം. ഇത് അദ്ദേഹം, അദ്ദേഹത്തിനു ലഭിച്ച ദൈവീക വെളിപാടുകളിലൂടെ വ്യക്തമാക്കുന്നു. ചുരുക്കത്തിൽ റസൂൽ(സ) പറഞ്ഞ ഈ വചനം, ഖിയാമത്തു നാൾവരെയും നിലനില്ക്കുന്നതും, ഈ നൂറ്റാണ്ടിൽ ആഗ

തനായ, വാഗ്ദത്ത മസീഹിനുള്ള തിരുവചന തെളിവുമാണ്. വരും നൂറ്റാണ്ടുകളിൽ വരുന്ന മസീഹുമാർക്കുമുള്ള പ്രവാചക വചന തെളിവാണ് ഇത്. അത് ഖിയാമത്തു നാൾവരെയും നില നില്ക്കുന്നതുമാണ്. ആയതിനാൽ എല്ലാ വിഭാഗങ്ങളിലും പെടുന്ന മുസ്ലിം സഹോദരങ്ങളെ നിങ്ങൾ ചിന്തിക്കുക, നിങ്ങൾക്ക് കാര്യങ്ങൾ ബോധ്യമാകുന്നതാണ്. ആയതിനാൽ ഹസ്രത് മുനീർ അഹ്മദ് അസീം (atba) ഈ നൂറ്റാണ്ടിലെ വാഗ്ദത്ത മസീഹ് ആണെന്നതിന് ഈ പ്രവാചക വചനം ഒന്നാമത്തെ തെളിവായി സവിനയം നിങ്ങളുടെ മുൻപാകെ സമർപ്പിക്കുന്നു.

## ഹദീസ് സാക്ഷ്യം 2





2. ഈസാ വന്നാൽ അല്ലാഹു അദ്ദേഹത്തിന് വഹ്യ് നല്കുന്നതാണ്. മുസ്ലിം/തിർമിദി

പരാമർശിതമായ രണ്ടാമത്തെ ഹദീസിൽ ഈസാ വന്നാൽ വഹ്യ് നല്കുന്നതാണ് എന്ന പ്രവാചകവചനം ശ്രദ്ധിക്കുക. പ്രസ്തുത പ്രവാചക വചനമനുസരിച്ചാണ് അല്ലാഹു(ത) അദ്ദേഹത്തിന് വഹ്യ് നല്കിക്കൊണ്ടിരിക്കുന്നത്. AD 2000 മുതൽ അദ്ദേഹത്തിന് വഹ്യ് ലഭിച്ചുകൊണ്ടിരിക്കുന്നു. 2020-ലും പ്രസ്തുത വഹ്യ് തുടർന്നുകൊണ്ടിരിക്കുന്നു. നബി(സ) പ്രവചനം ചെയ്തത് ഈസഇബ്നു മറിയം(അ)ന് വഹ്യ് ലഭിക്കുന്നതാണ് എന്നാണ്. പ്രസ്തുത പ്രവാചക വചനം അന്വർത്ഥമാക്കിക്കൊണ്ട്

അദ്ദേഹത്തിന് വഹ്‌യ് ലഭിച്ചുകൊണ്ടിരിക്കുന്നു. ഇതുപോലെ ഓരോ നൂറ്റാണ്ടുകളിലും വരുന്ന വാഗ്ദത്ത മസീഹുമാർക്ക് വഹ്‌യ് ലഭിച്ചുകൊണ്ടിരിക്കുന്നതാണെന്ന് ഈ പ്രവാചക വചനം സാക്ഷ്യം വഹിക്കുന്നു. ഇത് ഖിയാമത്തു നാൾവരെ നിലനില്ക്കുന്നതുമാണ്. ഇത് ഹസ്രത് മുനീർ അഹ്മദ് അസീം(atba)ന്റെ സത്യസാക്ഷ്യത്തിനുള്ള രണ്ടാമത്തെ പ്രവാചകവചനമായി സവിനയം നിങ്ങളുടെ ചിന്തക്കായി സമർപ്പിക്കുന്നു.

## ഹദീസ് സാക്ഷ്യം 3




كنا جلوسا عند النبي فأنزلت عليه سورة
الجمعة وآخرين منهم لما يلحقوا بهم قال
قلت من هم يا رسول الله فلم يراجعه حتى
سأل ثلاثا وفينا سلمان الفارسي وضع رسول
الله صلعم يده على سلمان ثم قال لو كان الايمان
عند الثريا لناله رجال او رجل من هؤلاء

3. ഞങ്ങൾ നബിതിരുമേനിയുടെ സന്നിധിയിൽ ഇരിക്കുകയായിരുന്നപ്പോൾ സൂറ:ത്തുൽ ജുംആയിലെ വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം എന്ന വചനം ഇറങ്ങിയപ്പോൾ, അബൂഹുറൈറ(റ) പറഞ്ഞു. ഞാൻ ചോദിക്കുകയുണ്ടായി! അല്ലയോ പ്രവാചകരെ! ആ കൂട്ടർ ഏതാണ് എന്ന്? ഇങ്ങനെ മൂന്നു പ്രാവശ്യം

ചോദിക്കുന്നതുവരെ തിരുമേനി സമാധാനമൊന്നും പറഞ്ഞില്ല. ആ സമയം ഞങ്ങളുടെ കൂട്ടത്തിൽ സൽമാനുൽ ഫാരിസി ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മേൽ തിരുമേനി(സ) കൈ വെച്ച് അരുളുകയുണ്ടായി. സത്യവിശ്വാസം സുറയ്യാ നക്ഷത്ര ത്തിൻ മേൽ എത്തുന്നതായാൽ പോലും അതിനെ വീണ്ടും തിരികെ കൊണ്ടു വരുന്നതിന് ഇദ്ദേഹത്തിൽ നിന്നും ആള് അല്ലെങ്കിൽ ആളുകൾ ഉണ്ടായി വരുന്നതാണ്. (ബുഖാരി കിതാ ബുത്തഫ്സീർ)

ഹദീസിൽ പറയപ്പെട്ട, ഫാരിസി വംശത്തിൽപ്പെട്ട സൽമാ നുൽ ഫാരിസിയിൽ നിന്നുള്ള തലമുറകളിലൂടെ എത്തിച്ചേർന്ന ഹസ്രത് മിർസാഗുലാം അഹ്മദ് (അ) അദ്ദേഹത്തിന്റെ (ഹസ്രത് മുനീർ അഹ്മദ് അസീം (atba) ന്റെ) ആത്മീയ പിതാവാണ്. അതു കൊണ്ടു തന്നെ അദ്ദേഹവും പ്രസ്തുത ആത്മീയ പരമ്പര യിൽപെടുന്ന ആളാകുന്നു. അക്കാരണത്താൽ തന്നെ അദ്ദേഹം ഹസ്രത് മുനീർ അഹ്മദ് അസീം (atba), (ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ന്റെ ആത്മീയ സുതനുമാണ്. ആത്മീയ പിതാവിനെ പിൻതുടർന്നുവന്ന അദ്ദേഹത്തെ (ഹസ്രത് മുനീർ അഹ്മദ് അസീം (atba) നെ) അല്ലാഹു(ത) ഈ നൂറ്റാണ്ടിലെ വാഗ്ദത്ത മസീഹായി തെരഞ്ഞെടുത്തിരിക്കുന്നു. ഈ പ്രവാചക വചനവും ഖിയാമത്തു നാൾവരെ നിലനില്ക്കേണ്ടതാണല്ലോ. അതിൻ പ്രകാരം അദ്ദേ ഹത്തിന്റെ ആത്മീയ സന്തതികൾ **രിജാൽ** എന്ന പദത്തെ അന്വർത്ഥമാക്കിക്കൊണ്ട് വാഗ്ദത്ത മസീഹായി അദ്ദേഹം ഈ നൂറ്റാണ്ടിൽ ആഗതനായിരിക്കുന്നു, എന്നതിന്, ഈ പ്രവാചക വചനം സാക്ഷ്യം വഹിക്കുന്നു. ഇപ്രകാരം ഈ പ്രവാചകവ ചനം ഖിയാമത്ത് നാൾവരെയും വാഗ്ദത്തമസീഹുമാർക്ക് വരാ നുള്ള സത്യസാക്ഷ്യമായി നിലകൊള്ളുന്നതാണ്. ആയതിനാൽ ഈ പ്രവാചക വചനത്തെ ഈ നൂറ്റാണ്ടിലെ മസീഹിന്റെ ആഗ മനത്തിന്റെ മൂന്നാമത്തെ സത്യസാക്ഷ്യമായി സമർപ്പിക്കുന്നു.

# ഹദീസ് സാക്ഷ്യം 4



خيرُ هذهِ الأمّةِ أوّلُها وآخرُها. أوّلُها فيهم
رسولُ اللهِ صلعم وآخرُها فيهم عيسى ابنُ مريم

4. ഈ സമുദായത്തിൽ ശ്രേഷ്ഠമായത് അതിന്റെ ആദ്യത്തിലുള്ളതും അവസാനത്തിലുള്ളതുമാകുന്നു. ആദ്യത്തേതിൽ അല്ലാഹുവിന്റെ റസൂലും അവസാനത്തേതിൽ ഈസബ്ന് മർയവും ആകുന്നു. (കൻസുൽ ഉമ്മാൽ, വോളിയം 6 ഭാഗം 132)

പ്രസ്തുത പ്രവാചകവചനത്തിൽ ആദ്യഘട്ടത്തിൽ റസൂൽ കരീം(സ)യും അന്ത്യഘട്ടത്തിൽ ഈസഇബ്നു മറിയവും(അ) ആയിരക്കുമെന്ന് പറയപ്പെട്ടിരിക്കുന്നു. ആദ്യത്തിലും അന്ത്യത്തിലുമാണ് ശ്രേഷ്ഠമായതെന്നും പറയപ്പെട്ടിരിക്കുന്നു. അപ്രകാരം ശ്രേഷ്ഠമാകാൻ കാരണമായി പറഞ്ഞിരിക്കുന്നത് ആദ്യത്തിൽ നബികരീം(സ) ഉണ്ടായിരുന്നതുകൊണ്ടാണ്. അതുപോലെ അന്ത്യത്തിൽ ശ്രേഷ്ഠമാകാൻ കാരണം ഈസഇബ്നു മറിയം(അ) ഉള്ളതുകൊണ്ടാണ്. അഥവാ വാഗ്ദത്തമസീഹ്(അ) ഉള്ളതുകൊണ്ടാണ്. ഈ പ്രവാചകനവചനത്തെ അന്വർത്ഥമാക്കി കൊണ്ടാണ് അദ്ദേഹത്തിനു (ഹസ്രത് മിർസാഗുലാം അഹ്മദ്) (അ)ന് ശേഷം നൂറ്റാണ്ടുകൾതോറും വരുന്നവർ വാഗ്ദത്തമസീഹുമാർ ആയിരിക്കും എന്ന് പറഞ്ഞത്. അങ്ങനെ ഓരോ നൂറ്റാണ്ടിലും അല്ലാഹുവിൽ നിന്നുള്ള വാഗ്ദത്തമസീഹുമാർ വരുന്നതുകൊണ്ടാണ് ഈ സമുദായത്തിന്റെ അവസാനഘട്ടവും ശ്രേഷ്ഠമായിരിക്കുമെന്ന്, ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഈ ഹദീസിലൂടെ വ്യക്തമാക്കിയത്. അതുകൊണ്ടു തന്നെ വാഗ്ദത്തമസീഹ്

ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ന് ശേഷം തൊട്ടടുത്ത നൂറ്റാണ്ടിൽ ആഗതരായ ഹസ്രത് മുനീർ അഹ്മദ് അസീം(atba) വാഗ്ദത്ത മസീഹ് ആണെന്നതിന് ഈ പ്രവാചകവചനം സാക്ഷ്യം വഹിക്കുന്നു. അതുപോലെ നൂറ്റാണ്ടുകൾതോറും വരുന്ന ദൈവപ്രതിനിധികളും വാഗ്ദത്ത മസീഹുമാരായിരിക്കും. എങ്കിലെ ഈ പ്രവാചക വചനം അന്വർത്ഥമാകുകയുള്ളു. കാരണം അന്ത്യത്തിൽ മസീഹ് വരുമെന്നാണ് പ്രവാചകൻ (സ) ഈ പ്രവാചകവചനത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നത്. കഴിഞ്ഞ 14 നൂറ്റാണ്ടുകളിലും ദൈവപ്രതിനിധികൾ വന്നിട്ടുണ്ടല്ലോ അത് അല്ലാഹു(ത) യുടെ ഒരു നടപടിക്രമമാണ്. അത് തുടരുക തന്നെ ചെയ്യും. ആയതിനാൽ വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ്(അ)ന് ശേഷം നൂറ്റാണ്ടുകൾ തോറും വരുന്ന ദൈവദൂതന്മാർക്ക് വാഗ്ദത്ത മസീഹ് എന്ന പദവി ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. ആയതിനാൽ ഈ നൂറ്റാണ്ടിലെ വാഗ്ദത്ത മസീഹ് ആയ മുനീർ അഹ്മദ് അസീം (അ) ന് അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവായി ചിന്തിക്കുന്ന മുസ്ലിം സഹോദരങ്ങൾക്ക് മുന്നിൽ അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള നാലാമത്തെ തെളിവായി ഈ പ്രവാചകവചനം സവിനയം സമർപ്പിക്കുകയാണ്.


## ഹദീസ് സാക്ഷ്യം 5


مثل أمتي كمثل مطر لا يدرى أوله خير أم آخره

5. എന്റെ സമുദായത്തിനുള്ള ഉദാഹരണം മഴയുടെ ഉദാഹരണം പോലെയാണ്. അതിന്റെ ആദ്യഭാഗമോ അഥവാ അവസാന ഭാഗമോ ശ്രേഷ്ഠമായിട്ടുള്ളതെന്ന് പറയാവതല്ല. (തിർമിദി)

എന്റെ സമുദായത്തിന്റെ അവസ്ഥ മഴപോലെയാണ്. ആദ്യത്തിൽ അദ്ദേഹത്തിന്റെ സമുദായത്തിൽ നബികരീം(സ) യ്ക്ക് മഴ വർഷിക്കുന്നതുപോലെ അല്ലാഹുവിൽ നിന്നുള്ള വെളിപാടുകളുമായി അദ്ദേഹം ഉണ്ടായിരുന്നു. അന്ത്യത്തിൽ അതുപോലെ വെളിപാടുമായി മഹ്ദീഹ് ഉണ്ടായിരിക്കും. പതിനാലാം നൂറ്റാണ്ടു മുതൽ ഖിയാമത്തു നാൾവരെ മസീഹുമാരുടെ ഒരു ശൃംഖലതന്നെ കാണിച്ചുകൊടുത്തു കൊണ്ടാണ് ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) വിടവാങ്ങിയത്. അതുകൊണ്ടാണ് നബികരീം(സ) യുടെ വചനം ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കിയത്. തന്റെ സമുദായം ഒരു മഴപോലെയാണ്! ഇതാ നമ്മുടെ കാലഘട്ടത്തിൽ മഴപോലെ വർഷിക്കുന്ന വെളിപാടുകളുമായി ഹസ്രത് മുനീർഅഹ്മദ് അസീം (അ) നമ്മുടെ മുൻപാകെ നില്ക്കുന്നു. തുടർന്നുവരുന്ന കാലഘട്ടങ്ങളിലും (നൂറ്റാണ്ടുകളിലും) അല്ലാഹുവിന്റെ മസീഹുമാർ മഴവർഷിക്കുന്നതുപോലെയുള്ള ദൈവീകവെളിപാടുകളുമായി വന്നുകൊണ്ടിരിക്കുന്നതാണ്. അതുകൊണ്ടാണ് റസൂൽകരീം(സ) തന്റെ സമുദായത്തെ മഴപോലെ ഉപമിച്ചത്. മഴ ഭൂമിയ്ക്ക് അനുഗ്രഹമായിരിക്കുന്നതുപോലെ വെളിപാടുകൾ മാനവകുലത്തിന് അനുഗ്രഹമായിരിക്കും. അത് അദ്ദേഹത്തിന്റെ സമുദായത്തിന് ഖിയാമത്തുനാൾവരേക്കും തുടർന്നുകൊണ്ടിരിക്കും എന്നുള്ള സത്യതയിലേക്കാണ് ഈ പ്രവാചകവചനം നമ്മെ കൊണ്ടുപോകുന്നത്. അതുകൊണ്ടു തന്നെ മഴപോലെ വർഷിക്കുന്ന ദൈവീക വചനങ്ങളുമായി ഇതാ മസീഹ് 15-ാം നൂറ്റാണ്ടിൽ നമ്മുടെ മുൻപാകെ നില്ക്കുന്നു. അതിലേക്കുള്ള തെളിവായി ഞാൻ ഈ പ്രവാചകവചനത്തെ വിനയപുരസ്സരം നിങ്ങളുടെ സവിശേഷമായ ചിന്തയ്ക്ക് സമർപ്പിക്കുകയാണ്. ഇത് നിശ്ചയമായും ഈ നൂറ്റാണ്ടിലെ മസീഹിനുള്ള അഞ്ചാംമത്തെ പ്രവാചകസത്യസാക്ഷ്യമായി ഞാൻ സന്തോഷത്തോടെ സമർപ്പിക്കുന്നു.

# ഹദീസ് സാക്ഷ്യം 6




سيكون في آخر هذه الأمة قوم لهم مثل
أجر أولهم يأمرون بالمعروف وينهون عن
المنكر ويقاتلون أهل الفتن

6. ഈ സമുദായത്തിന്റെ അന്ത്യഘട്ടത്തിൽ ഒരു സംഘമുണ്ടായിരിക്കും. അവർക്ക് ആദ്യത്തിലുള്ളവർക്കുള്ളതുപോലെ പ്രതിഫലമുണ്ടായിരിക്കും. അവർ നല്ലതിനെ ഉപദേശിക്കുകയും തീയതിനെ നിരോധിക്കുകയും ഫിത്നക്കാരോട് പോരാടുകയും ചെയ്യുന്നതാണ്. (മിശ്ക്കാത്ത് ഭാഗം 584)

ആദ്യകാലത്ത് റസൂൽകരീം(സ)യോടൊപ്പം നന്മ കല്പിക്കുകയും തിന്മയെ നിരോധിക്കുകയും ചെയ്യുന്ന ഒരു സംഘമുണ്ടായിരുന്നു. അതിന് നേതാവുമുണ്ടായിരുന്നു. അത് അല്ലാഹുവിൽ നിന്നും നിയോഗിതനായിരുന്നുതാനും, നബി(സ)യെ തുടർന്ന് 12 ഖലീഫമാരുടെ കാര്യം പറയുന്നുണ്ട്. അവരും അല്ലാഹുവിൽ നിന്ന് നിയോഗിതരായിരുന്നു. ശേഷം വാഗ്ദത്തമസീഹ്(അ)നെ പറ്റിയും പറയപ്പെട്ടിരിക്കുന്നു. ഓരോ നൂറ്റാണ്ടിലും അല്ലാഹുവിന്റെ നിയോഗിതൻ വരുന്നതാണെന്നും പ്രവാചക വചനത്തിൽ പറഞ്ഞിരിക്കുന്നു. ഈ പ്രവാചകവചനങ്ങളെയെല്ലാം സത്യപ്പെടുത്തിക്കൊണ്ട് ഒരു ദൈവനിയോഗിതൻ എത്തിച്ചേർന്നപ്പോൾ എല്ലാവരും ചേർന്ന് അദ്ദേഹത്തെ പിടിച്ചുകെട്ടാൻ ശ്രമിക്കുന്നു. എന്നാൽ സമർപ്പിത പ്രവാചക വചനത്തിൽ പറയുന്നു. അവസാന കാലത്ത് നന്മ കല്പിക്കുകയും തിന്മയെ വിരോധി

ക്കുകയും കുഴപ്പക്കാരെ നേരിടുകയും ചെയ്യുന്ന ഒരു സംഘമുണ്ടാകുമെന്ന്. അതിന് ഒരു നേതാവ് വേണ്ടേ? അത്തരം സംഘത്തിന്റെ നേതാവ് ദൈവനിയോഗിതനായിരിക്കും. ഇത് വിശുദ്ധഖുർആനിലൂടെയും വിശുദ്ധറസൂൽ(സ)യുടെ അധ്യാപനങ്ങളിലൂടെയും പകൽ പോലെ വ്യക്തമായ സത്യമായ കാര്യമാണ്. ഇനി ദൈവനിയോഗിതനെ മാറ്റി നിർത്തിയ മുസ്ലിംകൾ ഇന്ന് എത്രകക്ഷികളായി? എല്ലാ നേതാക്കളും, സംഘടനകളും നമ്മൾ തന്നെ നിർമ്മിച്ചതാണ്! അല്ലാഹു(ത) അവന്റെ നടപടിക്രമം അനുസരിച്ച് അവന്റെ സംഘത്തെയും സൃഷ്ടിക്കുന്നു. ആയതിനാൽ സമർപ്പിത പ്രവാചക വചനത്തിലെ പ്രസ്തുത സംഘം അല്ലാഹുവിനാൽ നിയോഗിതനായ വ്യക്തിയുടെ പിന്നിൽ നിന്ന് സുസംഘടിതമായി നന്മ കല്പിക്കുകയും തിന്മയെ വിരോധിക്കുകയും കുഴപ്പക്കാരെ നേരിടുകയും ചെയ്യുന്നതാണ് എന്ന് ഈ പരിശുദ്ധ പ്രവാചക വചനം നമ്മെ പഠിപ്പിക്കുന്നു. ഹിജ്റ 15-ാം നൂറ്റാണ്ടിൽ ഇതാ, ഹസ്രത് മുനീർ അഹ്മദ് അസീം(അ) എന്ന വാഗ്ദത്ത് മസീഹിനെ അല്ലാഹു (ത) നിയോഗിച്ചിരിക്കുന്നു. ആദ്യത്തിൽ നബികരീം(സ)യോടൊപ്പം നന്മ കല്പിക്കുകയും, തിന്മയെ നിരോധിക്കുകയും കുഴപ്പക്കാരെ നേരിടുകയും ചെയ്തതുപോലെ അവസാനകാലഘട്ടത്തിലും ഇതാ ഒരു വാഗ്ദത്ത മസീഹിനോടൊപ്പം ചേർന്ന ഒരു സംഘം നന്മ കല്പിക്കുകയും, തിന്മയെ വിരോധിക്കുകയും, ധർമ്മസമരം നടത്തുകയും ചെയ്യുന്ന ഒരു സംഘം, നിങ്ങളിൽ ഉണ്ടാകുന്നതാണെന്ന പ്രവാചകവചനത്തെ സത്യപ്പെടുത്തിക്കൊണ്ട് നില്ക്കുന്ന വാഗ്ദത്ത മസീഹ്(അ) നമ്മുടെ മുമ്പിലുണ്ട്. ഈ പ്രവാചക വചനത്തെ അദ്ദേഹത്തിന്റെ ആറാമത്തെ പ്രവാചക സത്യസാക്ഷ്യമായി നിങ്ങളുടെ സവിശേഷ ചിന്തയ്ക്ക് സമർപ്പിക്കട്ടേ.


إِنَّ اللهَ يَبْعَثُ لِهٰذِهِ الْأُمَّةِ عَلَىٰ رَأْسِ كُلِّ
مِائَةِ سَنَةٍ مَنْ يُجَدِّدُ لَهَا دِينَهَا

7. മതപരമായ തെറ്റുകൾ തിരുത്തി അവർക്ക് നവജീവൻ പകരുന്നതിനായി, എല്ലാ നൂറ്റാണ്ടിന്റെയും തലക്കൽ അല്ലാഹു(ത) അവർക്ക് ആളുകളെ നിയോഗിക്കുന്നതാണ്. (അബൂദാവൂദ്)

ഈ പ്രവാചക വചനവും ഖിയാമത്തുനാൾവരെ നിലനില്ക്കേണ്ടതല്ലേ? അതോ പ്രസ്തുത പ്രവാചക വചനത്തെ റദ്ദു ചെയ്തോ? ഇതനുസരിച്ച് അല്ലാഹു(ത) നൂറ്റാണ്ടുകളിലൂടെ ദൈവ നിയോഗിതരായി വരുന്നവരെ നിയോഗിച്ചുകൊണ്ടിരുന്നില്ലേ. ഇക്കഴിഞ്ഞ 14-ാംനൂറ്റാണ്ടിലും അപ്രകാരം ആൾ വന്നില്ലേ? പ്രസ്തുത പ്രവാചകവചനപ്രകാരം എല്ലാ നൂറ്റാണ്ടിലും വരേണ്ടതല്ലേ? അത് ഖിയാമത്തുനാൾവരേയും പ്രസ്തുത പ്രവാചക വചനം നിലനില്ക്കേണ്ടതല്ലേ? ഈ പ്രവാചക വചന പ്രകാരം 15-ാംനൂറ്റാണ്ടിൽ വന്ന അല്ലാഹു(ത)യുടെ ദിവ്യപ്രതിനിധിയാണ് ഹസ്രത് മുനീർ അഹ്മദ് അസീം(അ)

എന്നിട്ടും പരട്ടന്യായങ്ങൾ പറഞ്ഞ് ആർക്ക് വേണ്ടിയാണ് നാം നിലകൊള്ളുന്നത്? അല്ലാഹുവിനു വേണ്ടിയോ? അതോ റസൂൽ (സ)യ്ക്ക് വേണ്ടിയോ? അതല്ല, വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) നു വേണ്ടിയോ? അതുമല്ല നാം തെരഞ്ഞെടുത്തിരിക്കുന്ന സംഘടനാ നേതാക്കൾക്കു വേണ്ടിയോ? ദൈവഭക്തർ/മുസ്ലിംകൾ ചിന്തിക്കേണ്ടതാണ്! എന്നിട്ട് തീരു

മാനിക്കേണ്ടതാണ്, അതായത് ദൈവപ്രതിനിധിക്കൊപ്പം നില്ക്കണമോ അതോ നാം തെരഞ്ഞെടുത്ത ഇഹലോക മതനേതാക്കൾക്കൊപ്പം നില്ക്കണമോ?

ഈ സമുദായത്തിന്റെ അന്ത്യഘട്ടത്തിൽ, ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ നിയോഗിക്കപ്പെടുന്നവർ, ഈസ്ബ്ന് മർയം(അ) അഥവാ വാഗ്ദത്തമസീഹ് (അ)മാർ ആയിരിക്കുമെന്ന് ബുദ്ധിപരമായും പ്രമാണപരമായും, മുഹമ്മദ് മുസ്തഫ റസൂൽകരീം (സ)യുടെ വചനത്താലും, വാഗ്ദത്തമസീഹ് (അ)ന്റെ വചനത്താലും തെളിയിക്കപ്പെട്ടിരിക്കുന്ന പ്രമാണങ്ങളാണ്. ഇവ രണ്ടും സത്യപ്പെടുത്തിക്കൊണ്ടാണ്, അദ്ദേഹത്തെ അല്ലാഹു(ത) പതിനഞ്ചാം നൂറ്റാണ്ടിൽ, പത്ത് ആത്മീയ പദവികൾ നല്കി നിയോഗിച്ചിരിക്കുന്നത് എന്ന വസ്തുത, അദ്ദേഹം അല്ലാഹുവിനെ സാക്ഷി നിർത്തി, ലോകത്തോട് പ്രഖ്യാപിക്കുന്നത്.

നമ്മുടെ നബി(സ)തിരുമേനി ഇമാമുസ്സമാന്റെ ആവശ്യകത ഓരോ നൂറ്റാണ്ടിനുമായി സ്ഥാപിച്ചുറപ്പിച്ചിരിക്കുന്നു. തന്റെ കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാത്ത നിലയിൽ അല്ലാഹുവിന്റെ അടുക്കൽ വരുന്ന ആൾ അന്ധനായിട്ടാണ് വരിക എന്നും, അങ്ങനെയുള്ള ആൾക്ക് ജാഹിലിയ്യത്തിന്റെ മരണമാണ് സംഭവിക്കുക എന്നും നബി(സ)വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. ഏതെങ്കിലും ഒരു സ്വപ്നദർശിയേയോ ഒരു മുൽഹമിനെയോ ഒഴിച്ചു നിർത്തിയിട്ടുമില്ല. ഇതിൽ നിന്ന് യാതൊരു മുൽഹമും യാതൊരു സ്വപന ദർശിയും അയാൾ ഇമാമുസ്സമാന്റെ പ്രസ്ഥാനത്തിൽ പ്രവേശിക്കുന്നില്ലെങ്കിൽ ആപൽക്കരമായ അന്ത്യത്തെ നേരിടുന്നതാണ്.(സറുറത്തെ ഇമാം എന്ന ഗ്രന്ഥത്തിൽ-ഹസ്രത് മിർസാഗുലാം അഹ്മദ്)(അ)


കണ്ണുകൾ നന്മകൾ കാണുവാനുള്ളതാണ്; തിന്മകൾ കാണുവാനുള്ളതല്ല. നാവ് നന്മകൾ സംസാരിക്കുവാനാണ്, വിമർശന ശരങ്ങൾക്കുള്ളതല്ല. ചെവികൾ നന്മകൾ കേൾക്കട്ടെ, മറ്റുള്ളവരുടെ വേദനകൾ കേൾക്കട്ടെ; കൈകൾ മറ്റുള്ളവരെ സഹായിക്കുവാനുള്ളതാണ്; ശിക്ഷിക്കുവാനുള്ളതല്ല! ഹൃദയം സത്യം സ്വീകരിക്കുവാനുള്ളതാണ്, അതുപോലെ അംഗീകരിക്കുവാനുമുള്ളതാണ്.

ഹേ! ലോകമെ നിങ്ങൾക്ക് നല്കിയതെല്ലാം ദൈവത്തിന്റെ കാരുണ്യമാണ്, നിങ്ങൾ അവനിലേക്ക് തിരിയൂ! അവന്റെ ദൂതനി ലേക്ക് തിരിയു. നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുന്നതിനായി.

ഈ കാലഘട്ടത്തിലെ ഇമാമുസ്സമാനായ അദ്ദേഹത്തിൽ (ഹസ്രത് മുനീർ അഹ്മദ് അസീം (അ))യിൽ ബൈഅത്ത് ചെയ്ത് അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുവാൻ, പ്രത്യേകമായി, എല്ലാ മുൽഹമുമാരെയും, എല്ലാ വിഭാഗം മുസ്ലിംകളെയും സസ്നേഹം ക്ഷണിക്കുന്നു. അതുപോലെ പൊതുവിൽ മുഴുവൻ ലോകജനത യെയും, അദ്ദേഹം, ഏകനായ അല്ലാഹുവിനെ ആരാധിക്കുവാനായി ക്ഷണിക്കുകയും, ഈ നൂറ്റാണ്ടിന്റെ ധർമ്മോപദേശകനാണ് അദ്ദേ ഹമെന്ന് അംഗീകരിക്കുവാനും ആവശ്യപ്പെടുന്നു.

ദൈർഘ്യ ഭയത്താൽ ഹദീസുകൾ (പ്രവാചക വചനങ്ങൾ) എഴെണ്ണമായി ചുരുക്കുകയാണ്. ഈ പറയപ്പെട്ട പ്രവാചക വചന ങ്ങൾ, ബാഹ്യമായല്ല, ആന്തരികമായി ആഴത്തിൽ ചിന്തിച്ച് വിശക ലനം ചെയ്യുകയാണെങ്കിൽ, പ്രവാചക ശ്രേഷ്ഠൻ മുഹമ്മദ് മുസ്ത ഫ(സ)യും ഹസ്രത് മിർസാഗുലാം അഹ്മദ്(അ)യും പ്രവചനം ചെയ്ത വാഗ്ദത്ത മസീഹുതന്നെയാണ് ഈ വാദിയെന്ന് നമുക്ക് മനസ്സിലാകുന്നതാണ്. കാരണം ഖാത്തമുന്നബിയ്യീൻ ആയ മുഹ മ്മദ് മുസ്തഫ (സ)യും ഖാത്തമുൽ ഖുലഫാഅ് ആയ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെയും സത്യസാക്ഷ്യവുമായാണ്, ഈ നൂറ്റാണ്ടിലെ വാഗ്ദത്ത മസീഹായി അദ്ദേഹം 15-ാം നൂറ്റാണ്ടിൽ ആഗതനായത്. ബുദ്ധി ഉപയോഗിക്കുമെങ്കിൽ, തെളിഞ്ഞ ഹൃദയ ത്തോടെ കാര്യങ്ങളെ സമീപിക്കുമെങ്കിൽ, ഇമാമുസ്സമാനെ കണ്ടെത്തുകതന്നെ ചെയ്യും. ഇൻശാ അല്ലാഹ്,

ഇൻശാ അല്ലാഹ്, വാഗ്ദത്ത മസീഹ്, ഹസ്രത് മിർസാഗുലാം അഹ്മദ് (അ) നടത്തിയ പ്രവചന സാക്ഷ്യങ്ങളുമായി ഞാൻ നിങ്ങളെ വീണ്ടും സമീപിക്കുന്നതാണ്.



*Compiled By*
*Mukarram R. Jamaludin Raother*

*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*